പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : **529**

24.10.2011-ൽ
മറുപടിയ്ക്കു്

**ഗുരുവായൂർ ക്ഷേത്രത്തിലെ സുരക്ഷാ ക്രമീകരണങ്ങൾ**

ചോദ്യം
ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. കെ. രാധാകൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

(എ) ഗുരുവായൂർ ക്ഷേത്രത്തിലെ ഭക്തജനത്തിരക്ക് നിയന്ത്രിക്കുന്നതിനും സുരക്ഷാ ക്രമീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്ന് കേന്ദ്ര സുരക്ഷാ ഏജൻസി ശുപാർശ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എ) നൽകിയിട്ടുണ്ട്. 2007-ലും 2008-ലും കേന്ദ്ര സുരക്ഷാ ഏജൻസി ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ സുരക്ഷാ സംവിധാനങ്ങൾ പരിശോധിക്കുകയും സുരക്ഷാ ക്രമീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. കൂടാതെ 2011 ഏപ്രിൽ മാസത്തിൽ കേന്ദ്ര സുരക്ഷാ ഏജൻസി പരിശോധന നടത്തി സുരക്ഷാ ക്രമീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 26 നിർദ്ദേശങ്ങൾ നൽകിയിരുന്നു.

(ബി) തീവ്രവാദി ആക്രമണ സാദ്ധ്യതയെക്കുറിച്ചുള്ള റിപ്പോർട്ടുകൾവരുന്ന സാഹചര്യത്തിൽ ഗുരുവായൂരിലെ സുരക്ഷാ സംവിധാനം കുറ്റമറ്റതാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ബി) ഗുരുവായൂരിലെ സുരക്ഷാ സംവിധാനവുമായി ബന്ധപ്പെട്ട് തഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

1) ക്ഷേത്ര സുരക്ഷാ ഡ്യൂട്ടിക്കായി 120-ഓളം പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്.

2) ക്ഷേത്രത്തിലേക്കുള്ള 3 പ്രവേശന കവാടങ്ങളിലും ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ച് പരിശോധന നടത്തിയാണ് ഭക്തരേയും മറ്റും കടത്തിവിടുന്നത്.

3) ക്ഷേത്രത്തിനകത്തേയ്ക്ക് കൊണ്ടുപോകുന്ന സാധനങ്ങൾ മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ച് പരിശോധിക്കുന്നുണ്ട്.

4) ദിവസവും 3 നേരം ക്ഷേത്ര പരിസരത്തും റെയിൽവേ സ്റ്റേഷൻ, ബസ്സ്റ്റാൻറ് തുടങ്ങിയ ഇടങ്ങളിലും ആൻറി സബോട്ടേജ് പരിശോധനയും ഡോഗ് സ്ക്വാഡിനെ ഉപയോഗിച്ചുള്ള പരിശോധനയും നടത്തുന്നു.

5) ക്ഷേത്രത്തിനകത്തും പരിസരത്തും 96 സിസിറ്റിവി ക്യാമറകൾ സ്ഥാപിച്ച് 24 മണിക്കൂറും നിരീക്ഷണം നടത്തിവരുന്നു.

6) സുരക്ഷാ ആവശ്യങ്ങൾക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചു.

7) ക്ഷേത്ര പരിസരത്തെ ലോഡ്ജുകൾ 8 സെക്ടറുകളായി തിരിച്ച് ഉദ്യോഗസ്ഥർക്ക് ചുമതല നൽകി പരിശോധന നടത്തി വരുന്നുണ്ട്.

8) ഉദ്യോഗസ്ഥന്മാർക്കും, ഹോട്ടൽ, ലോഡ്ജ് ഉടമകൾക്കും ജോലിക്കാർക്കും മറ്റും സുരക്ഷയെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നുണ്ട്.

9) അത്യാധുനിക സ്കാനർ, മെറ്റൽ ഡിറ്റക്ടർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തി സുരക്ഷാ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സർക്കാർതലത്തിൽ അവലോകനം ചെയ്യുന്നുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിന് മാത്രമായി ഒരു പോലീസ് സ്റ്റേഷൻ തുറക്കണമെന്ന നിർദ്ദേശവും ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ